**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7198

03.11.2011-ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ. പി.അബ്ദുള്ളക്കുട്ടി<br>,, കെ. അച്ചുതൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ. | തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ. | തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി. | എല്ലാ ജില്ലകളിലും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ; | ബി. & സി. | പരിഗണനയിലുണ്ട്. |
| സി. | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

ഭരണസംവിധാനം: ഗ്രാമ-ബ്ലോക്ക്-ജില്ലാ സംസ്ഥാനതലങ്ങളിൽ ഉദ്യോഗസ്ഥ വിന്യാസം നടത്തുകയും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഗ്രാമവികസന കമ്മീഷണറെ തൊഴിലുറപ്പ് കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ കീഴിൽ 8 പ്രോഗ്രാം ഓഫീസർമാർ അടങ്ങിയ സ്റ്റേറ്റ് സെല്ലിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ ചുമതല ജില്ലാകളക്ടറാണ് വഹിക്കുന്നത്. ഇക്കാര്യത്തിൽ ജില്ലാ കളക്ടറെ സഹായിക്കുന്നതിനായി ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരെ പാലക്കാട്, വയനാട്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ശേഷിച്ച ജില്ലകളിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്ക് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ജില്ലതലത്തിൽ ഐ.റ്റി പ്രൊഫഷണലിനേയും അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെയും കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണത്തിനു ഔദ്യോഗിക ചുമതല ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കാണ്.** പാലക്കാട്, വയനാട് ജില്ലകളിൽ 16 ബ്ലോക്കുകളിൽ സ്വതന്ത്ര ചുമതലയുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ തുടരുന്നു. മറ്റു 12 ജില്ലകളിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്ക് അധികച്ചുമതല നൽകി ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ (ഈജി.എസ്) യെ തൊഴിലുറപ്പ് പദ്ധതിക്കുമാത്രമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എൻജിനീയറെയും ഒരു അക്കൗണ്ടന്റ്-കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ **തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.** ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കുന്നതിനായി ഒരു എൻജിനീയർ/ഓവർസിയറെയും ഒരു അക്കൗണ്ടന്റ്

-കം-കമ്പ്യൂട്ടർ-ഓപ്പറേറ്ററെയും എല്ലാ ഗ്രാമപഞ്ചായത്തു കളിലും കരാർ വ്യവസ്ഥയിൽ നിയമിച്ചു.

തൊഴിലുറപ്പ് പദ്ധതിയുടെ ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ആണ് സംസ്ഥാനത്ത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നത്. ഇതിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത്തലങ്ങളിൽ നിയമിച്ചിട്ടുള്ള കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെ സേവനം ഉപയോഗിച്ചു വരുന്നു. ഇവരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി എല്ലാ ജില്ലകളിലും ഓരോ ഐ.ടി പ്രൊഫഷണലിനെയും, സംസ്ഥാനതലത്തിൽ ഒരു ഐ.ടി പ്രൊഫഷണലിനെയും കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

2. <u>പരിശീലനങ്ങൾ:</u> ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ ഭാരവാഹികൾ ഉൾപ്പെടെയുള്ള സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർക്ക് എസ്.ഐ.ആർ.ഡി, കില തുടങ്ങിയ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ആവശ്യകത വിലയിരുത്തി തുടർ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

3. <u>നീർത്തട മാസ്റ്റർ പ്ലാൻ രൂപീകരണവും പ്രകൃതിസംരക്ഷണവും:</u> കേരളത്തിലെ കാർഷിക മേഖല നേരിടുന്ന ഗുരുതരമയ പ്രതസന്ധി കണക്കിലെടുത്ത് മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ പരിരക്ഷിക്കുന്നവിധമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. നീർത്തട മാസ്റ്റർപ്ളാനിന്റെ അടിസ്ഥാനത്തിൽ 5 ഏക്കർവരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിൽ ജലസേചനം, ഭൂവികസനം, ഹോർട്ടികൾച്ചർ, പ്ളാന്റേഷൻ എന്നീ ഇനങ്ങളിൽപ്പെട്ട പണികൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകളോടെ ഏറ്റെടുക്കുവാൻ ഗ്രാമപഞ്ചായത്തുകൾ അനുവാദം നൽകിയിട്ടുണ്ട്.

4. <u>സംയോജിതശ്രമങ്ങൾ:</u> മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ചീഫ്സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ സർക്കാർ ഉത്തരവ് പ്രകാരം കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

5. <u>ടൈം & മോഷൻ പഠനം:</u> മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മഹാഭൂരിപക്ഷം തൊഴിലാളികളും സ്ത്രീകൾ, വൃദ്ധർ, കായികശേഷി കുറഞ്ഞവർ എന്നീ വിഭാഗങ്ങളിൽ പെടുന്നു. നിലവിലുള്ള പി.ഡബ്ല്യു.ഡി ഡേറ്റാ ആരോഗ്യമുള്ള പുരുഷൻമാരുടെ ശേഷിയെ അടിസ്ഥാനമാക്കി തയ്യാറാക്കപ്പെട്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയിലെ തൊഴിലാളികളുടെ ശേഷി, പ്രായം, മണ്ണിന്റെ തരം, കാലാവസ്ഥാവ്യതിയാനം, ഉപയോഗിക്കുന്ന ഉപകരണങ്ങൾ എന്നിവയെ അടിസ്ഥാനപെടുത്തി പുതിയ ഡേറ്റയും നിരക്ക് പട്ടികയും (ഷെഡ്യൂൾ ഓഫ് റേറ്റ്) കണ്ടെത്തുവാൻ ജില്ലകളിൽ നടത്തിയ ടൈം ആന്റ് മോഷൻ സ്റ്റഡി പൂർത്തീകരിച്ചു വരുന്നു.

6. ഫണ്ട് സൊസൈറ്റി: കേന്ദ്ര സംസ്ഥാന സർക്കാരുകൾ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിയ്ക്കുന്ന ഫണ്ട് മാനേജ് ചെയ്യുവാൻ ഫണ്ട് സൊസൈറ്റി രൂപീകരിച്ചു.

7. ഈടുറ്റ ആസ്തികൾ നിർമ്മിക്കുന്നതിനുള്ള ശ്രമം: സാധനഘടകം ഉൾപ്പെടുന്ന പണികൾ പരീക്ഷണാർത്ഥം ഓരോ ജില്ലയിലെയും രണ്ടു പഞ്ചായത്തുകളിൽ വീതം നടപ്പിലാക്കി. ഇത് എല്ലാ പഞ്ചായത്തിലും വ്യാപിപ്പിക്കുവാനായി നടപടികൾ സ്വീകരിച്ചു വരുന്നു.

9. ജില്ലാപരിപ്രേക്ഷ്യാ പദ്ധതി: മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പിനാവശ്യമായ പ്രധാനപ്പെട്ട ഒരു മുന്നുപാധിയാണ് ജില്ലാ പരിപ്രേക്ഷ്യ പദ്ധതി. ഇത് ജില്ലയ്ക്കനുയോജ്യമായ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും മുൻകൂട്ടിയുളള ആസൂത്രണത്തിനും സഹായിക്കും.

10. ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐ.എസ്): വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ തൊഴിലുറപ്പു പദ്ധതി പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേകം രൂപകല്പന ചെയ്ത ഒരു വിവര ശേഖരണ സംവിധാനത്തിലൂടെ ഗ്രാമപഞ്ചായത്തുതലം മുതൽ നടത്തുന്ന ഓരോ പ്രവർത്തനവും ലോകത്തിലെ ഏതൊരു പൗരനും എവിടെ നിന്നും അറിയാൻ കഴിയുംവിധമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. www.nrega.nic.in എന്ന വെബ്സൈറ്റിലൂടെ ഏതൊരാൾക്കും തൊഴിലുറപ്പു പദ്ധതിയുടെ ഗ്രാമതലം മുതലുള്ള പ്രവർത്തനങ്ങൾ അറിയാൻ കഴിയുന്നു. പദ്ധതിയുടെ ഓൺലൈൻ മോണിറ്ററിങ്ങിനു (MIS) വേണ്ടിയുള്ള കമ്പ്യൂട്ടറുകളും ബ്രോഡ് ബാൻഡ് കണക്ടിവിറ്റിയും പരിശീലനം സിദ്ധിച്ച ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനവും എല്ലാ തലങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

11. പ്രചരണ പരിപാടികൾ: ജില്ലകളിൽ പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടി വൻപ്രചാരണം സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ പദ്ധതിയിലേറ്റെടുക്കുന്ന എല്ലാ പ്രവൃത്തികളും അവരുടെ

മസ്റ്റർറോളുകളും സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള ഉദ്യോഗസ്ഥ സംവിധാനവും നിലവിലുണ്ട്.

12. <u>പരാതിപരിഹാര സംവിധാനം:</u> ഓരോ തലത്തിലും പരാതികൾ പരിഹരിക്കുന്നതിന് സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രോഗ്രാം ഓഫീസറും ജില്ലാതലത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്ററുമാണ് പരാതിപരിഹാര ഓഫീസർമാർ. പരാതി സ്വീകരിക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ജില്ലാ-സംസ്ഥാന ഓഫീസുകളിൽ ടോൾ ഫ്രീ ടെലഫോൺ സ്ഥാപിച്ചിട്ടുണ്ട്.

**13. <u>ഓംബുഡ്സ്മാൻ നിയമനം:</u> മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് ഉന്നയിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓംബുഡ്സ്മാൻമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.**

14. <u>സോഷ്യൽ ഓഡിറ്റ്:</u> സോഷ്യൽ ഓഡിറ്റ് വാർഡ്തലത്തിൽ ആറുമാസത്തിലൊരിക്കൽ നടത്തി വരുന്നു. സുതാര്യത ഉറപ്പു വരുത്തുന്നതിൽ ഏറ്റവും നിർണായകമായ ഘടകമാണ് സോഷ്യൽ ഓഡിറ്റ്. വികസന പ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവഹണം, ഗുണഭോക്തൃപ്രദേശം/ഗുണഭോക്താക്കൾ-നീതിയുക്തമായ തിരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കി മികച്ച ഫലപ്രാപ്തി കൈവരിക്കാൻ സഹായകമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. ഗ്രാമസഭാപ്രദേശത്തെ ജനങ്ങൾ അവരുടെ അനുഭവത്തിന്റെയും ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങളെക്കുറിച്ചും പൊതുധനം ചെലവാക്കുന്നതിനെപ്പറ്റിയും നേരിട്ട് നടത്തുന്ന പരസ്യവും സ്വതന്ത്രവും നിർഭയവുമായ പരിശോധനയാണത്.

15. <u>വിലിയിരുത്തൽ പഠനങ്ങൾ:</u> സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിലയിരുത്തുന്നതിന്റെ ഭാഗമായി പാലക്കാട്, വയനാട്, ജില്ലകളിൽ കേന്ദ്ര സർക്കാർ 2007 ൽ സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് എന്ന സ്ഥാപനം വഴിയും പാലക്കാട്, വയനാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ 2009 ൽ ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സ്റ്റി വഴിയും 2010 ൽ സംസ്ഥാന ആസൂത്രണ സമിതിയും ശാസ്ത്രീയമായി പഠന വിധേയമാക്കിയിട്ടുണ്ട്.

Lelnd
സെക്ഷൻ ഓഫീസർ